**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ എസ് ആർ ടി സി യിലെ കോവിഡ് പ്രോട്ടോക്കോൾ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. പി കെ അബ്ദു റബ്ബ്** | | **Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രോട്ടോക്കോൾ നിലവിൽ വന്ന നാൾ മുതൽ സാധാരണക്കാർ അധികവും യാത്രയ്ക്ക് ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.യിൽ മാത്രം മാസ്ക് ഒഴികെയുള്ള സർവ്വമാനദണ്ഡങ്ങളും ലംഘിക്കുന്നത് രോഗവ്യാപനത്തിന് പ്രധാന കാരണമാകുന്നുണ്ടോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22.03.2020 മുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകളും സർക്കാർ നിർദ്ദേശ പ്രകാരം പൂർണ്ണമായും നിർത്തി വച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഘട്ടം ഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20.05.2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹ്യ അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്. |
| (ബി) | ഈ കോവിഡ് പ്രോട്ടോക്കോൾ ലംഘനം രോഗവ്യാപനത്തിന് ഏതെല്ലാം രീതിയിൽ കാരണമായിട്ടുണ്ടെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തു നിന്നും കോവിഡ് പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടില്ല. |
| (സി) | വിവിധ ഘട്ടങ്ങളിൽ പൊതുജനങ്ങളെ ബാധിക്കുന്ന ഇത്തരം ഗൗരവതരമായ വിഷയങ്ങളിൽ കോവിഡ് പ്രോട്ടോക്കോളിന് വിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. യെ അധികാരപ്പെടുത്തുന്ന നടപടി പുനരാലോചിക്കുമോ; | (സി) | കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കണമെന്ന് കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ പൊതുജനങ്ങളെ ബാധിക്കുന്ന കോവിഡ് മാനദണ്ഡ ലംഘന വിഷയത്തിൽ തീരുമാനമെടുത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ